(ബി) ഉണ്ട്.

(സി) 2005 മെയ്മാസത്തിലുണ്ടായ കടൽക്ഷോഭംമൂലം തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും അടിയന്തിര പ്രതിരോധ നടപടി എന്ന നിലയിൽ മണൽചാക്ക് അടുക്കുന്നതിനുമായി CMDRF-ൽ (ചീഫ് മിനിസ്റ്റേഴ്സ് ഡിസാസ്റ്റർ റിലീഫ് ഫണ്ട്) നിന്ന് 446 ലക്ഷം രൂപ അനുവദിച്ചു. ഇതനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

കടലാക്രമണം തടയാൻ നടപടി

60 [239] *ശ്രീ. സി. കെ. നാണു:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. വി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ രൂക്ഷമായ കടലാക്രമണംമൂലം തീരപ്രദേശത്ത് ഉണ്ടായ നാശനഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലാക്രമണം തടയാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ശാസ്ത്രീയമായ പഠനം നടത്തി കടലാക്രമണം തടയാൻ ശാശ്വതമായ പദ്ധതിക്ക് രൂപം നൽകി അതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും സഹായവും നേടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണം, ഉയരം കൂട്ടൽ, കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തിയുടെ നിർമ്മാണം തുടങ്ങിയവയാണ് കടലാക്രമണം തടയാൻ സ്വീകരിക്കുന്ന പദ്ധതികൾ. സുനാമി ദുരന്തത്തിനു ശേഷം കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കുവേണ്ടി ആകെ 2707.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

(സി) കടൽഭിത്തി നിർമ്മാണത്തിന്റെ രീതികൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പൂനയിലെ സി. ഡബ്ലിയു. പി. ആർ. എസ്. ആണ്. അവർ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ചാണ് നിലവിൽ കടൽഭിത്തി നിർമ്മാണം നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly